"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- പാലക്കാട് - ഗോവിന്ദാപുരം മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിൽ 22.06.2016-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേനയുള്ള അന്വേഷണം- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിജിലൻസ്(എ) വകുപ്പ്

സ.ഉ.(സാധാ) നം.8/2024/VIG    തീയതി,തിരുവനന്തപുരം, 17-01-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03.10.2020 തീയതിയിലെ ഇ 12(ക്യു .വി 04/16/പി.കെ.ഡി) 35780/17 നമ്പർ കത്ത്
2. 06.12.2021 തീയതിയിലെ A3/240/2020/Vig നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ.എ.സന്തോഷ് കുമാറിന്റെ 25.01.2022 തീയതിയിലെയും, ശ്രീ.കെ.ധനേഷിന്റെ 04.04.2022 തീയതിയിലെയും പ്രതിവാദ പത്രിക.
4 14.02.2022-ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ജി1/10/2016-ടിസി നം.കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഗോവിന്ദാപുരം മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥർ ചരക്ക് വാഹനങ്ങളിലെ ഡ്രൈവർമാരിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുകയും വാങ്ങുകയും ചെയ്യുന്നുവെന്നും മറ്റുമുള്ള ആരോപണം സംബന്ധിച്ച് ടി ചെക്ക് പോസ്റ്റിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ 22.06.2016 തീയതി ഒരു മിന്നൽ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ത്വരിത പരിശോധന കൂടി നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. സത്വരാന്വേഷണത്തിൽ കുറ്റാരോപിത ഉദ്യോഗസ്ഥരായ ശ്രീ.കെ.ധനേഷ് എ.എം.വി.ഐ, ശ്രീ.എ.സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡൻറ് എന്നിവർ പ്രസ്തുത ചെക്ക് പോസ്റ്റിൽ 21.6.2016 തീയ്യതി രാവിലെ മുതൽ 22.6.2016 തീയ്യതി രാവിലെ വരെ ജോലി ചെയ്തിരുന്നതായും ഈ സമയം അതുവഴി ചരക്കുമായി കടന്നുപോകുന്ന വാഹനങ്ങളിലെ ഡ്രൈവർമാരിൽ നിന്നും കൈക്കൂലി വാങ്ങിയതായും ഇത്തരത്തിൽ പിരിച്ചെടുത്ത തുകയായ **39,500/-** രൂപയാണ് 22.6.2016 തീയ്യതി 00.30 മണിക്ക് നടത്തിയ എസ്.സി.23/16/പി.കെ.ഡി നമ്പർ മിന്നൽ പരിശോധനയിൽ ചെക്ക് പോസ്റ്റിനകത്തെ ഡ്യൂട്ടിയിലുള്ള എ.എം.വി.ഐ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ ടേബിളിനു താഴെ ഇടതുവശം സ്പെഷ്യൽ പെർമിറ്റ് പേപ്പറുകൾ സൂക്ഷിച്ചിരുന്ന കാർഡ്ബോർഡ് പെട്ടിയിൽ നിന്നും കണ്ടെടുത്തത് എന്നും ആയത് ചെക്ക് പോസ്റ്റിൽ ലഭിച്ച ഗവൺമെന്റ് ക്യാഷ് അല്ല എന്നും വിജിലൻസ് പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു. ഇത്തരത്തിൽ ഡ്യൂട്ടി സമയം ലഭിക്കുന്ന കൈക്കൂലി പണം നിയമവിധേയമായി സൂക്ഷിക്കുന്നതിന് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ

രജിസ്റ്ററിൽ 2540/- രൂപ എ.എം.വി.ഐ ശ്രീ.ധനേഷ് കരുതിക്കൂട്ടി ഡിക്ലയർ ചെയ്തിട്ടുള്ളതായും, എന്നാൽ കൈവശം 540/- രൂപ മാത്രം സൂക്ഷിച്ച് വരുന്നതായും വ്യക്തമായിട്ടുള്ളതാണ്. സത്വരാന്വേഷണ മദ്ധ്യേ ലഭിച്ച തെളിവുകളിൽ നിന്നും, സാഹചര്യങ്ങളിൽ നിന്നും കുറ്റാരോപിതർ മോട്ടോർവാഹന വകുപ്പിന്റെ ഗോവിന്ദാപുരം ചെക്ക് പോസ്റ്റിൽ ജോലി ചെയ്തിരുന്ന സമയം അതുവഴി ചരക്കുമായി കടന്നുപോകുന്ന വാഹനങ്ങളിലെ ഡ്രൈവർമാരിൽ നിന്ന് കൈക്കൂലി വാങ്ങിയിരുന്നതായി വ്യക്തമായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കുറ്റാരോപിതരായ എ.എം.വി.ഐ, ശ്രീ.കെ.ധനേഷ്, ഓഫീസ് അറ്റൻഡന്റ് ശ്രീ.എ.സന്തോഷ് കുമാർ, എന്നിവർക്കെതിരെ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നടത്തുവാൻ പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിക്കുകയും ശ്രീ.കെ.ധനേഷ് എ.എം.വി.ഐ, ശ്രീ.എ.സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡന്റ് എന്നിവർക്കെതിരെ വിജിലൻസ് ട്രിബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. അതനുസരിച്ച് ചുവടെ പറയുന്ന കുറ്റങ്ങൾ ചുമത്തി കുറ്റാരോപിതർക്ക് പരാമർശം(2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

4. <u>ശ്രീ.കെ.ധനേഷ് എ.എം.വി.ഐ യ്ക്കെതിരായ കുറ്റങ്ങൾ</u>

"THAT YOU, Sri. Dhanesh.K, S/o Vasudevan Nair, Anantham House, aruvanoor.P.O, Marikkunnu, Kozhikkode while working as Assistant Motor Vehicle Inspector, Motor Vehicle check post, Govindapuram, Palakkad along with Sri.Santosh Kumar.A, Office Attendant, Motor Vehicle check post, Govindapuram, Palakkad and as such being Government servant; there were allegations against you and other officials of Motor Vehicle check post, Govindapuram in Palakkad District that officials posted at the Motor Vehicle Check Post, Govindapuram are demanding and accepting bribe from the transporters of various commodities passing through the check post and entrusting the same with the agents deputed by you for safe guarding the bribe amount.

Based on these allegations a Surprise Check was conducted in your office by VACB, Palakkad unit on 22.06.2016 and in pursuance of the surprise check conducted, an unaccounted money of Rs.39,500/- was seized from inside a card board box which were seen on the left side of the computer working table used by you, who were on duty on 22.06.2016 at Govindapuram Motor Vehicle Check Post for which you cannot satisfactorily account for. A Quick Verification was also conducted in this matter and it is revealed during the Quick Verification that the amount seized from the card board box was the amount collected by you along with Sri.Santosh Kumar.A, Office Attendant from the transporters of various vehicles passed through the check post.

THAT You were found in possession of Rs.540/- while Rs.2540/- was declared by you in Personal Cash Declaration Register as your personal cash and on questioning by the Surprise Check team you were not able to satisfactorily account for the shortage of Rs.2000/- found in your possession. THAT YOU along with other officials are responsible for the corrupt practices stated above. THAT you have done this by abusing your official position as a Government servant and the above said actions on your part amount to serious misconduct and grave irregularity and it is prima facie revealed that you have failed to maintain absolute integrity and devotion to duty."

5. <u>ശ്രീ.എ.സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡന്റ് നെതിരായ കുറ്റങ്ങൾ</u>

"THAT YOU, Sri. Santhosh Kumar.A, S/o. Narayana Kurup, Kalharam Poolathil, Keezhal.P.O, Vadakara while working as Office Attendant, Motor Vehicle check post, Govindapuram, Palakkad along with Sri. Dhanesh.K, Assistant Motor Vehicle Inspector, Motor Vehicle check post, Govindapuram, Palakkad and as such being Government servant; there were allegations against you and other officials of Motor Vehicle check post, Govindapuram in Palakkad District that officials posted at the Motor Vehicle Check Post, Govindapuram are demanding and accepting bribe from the transporters of various commodities passing through the check post and entrusting the same with the agents deputed by you for safe guarding the bribe amount.

Based on these allegations a Surprise Check was conducted in your office by VACB, Palakkad unit on 22.06.2016 and in pursuance of the surprise check conducted, an unaccounted money of Rs.39,500/- was seized from inside a card board box which were seen on the left side of the computer working table used by the AMVI, Sri.Dhanesh, who were on duty on 22.06.2016 along with you at Govindapuram Motor Vehicle Check Post for which you cannot satisfactorily account for. A Quick Verification was also conducted in this matter and it is revealed during the Quick Verification that the amount seized from the card board box was the amount collected by you along with Sri.Dhanesh, AMVI from the transporters of various vehicles passed through the check post.

THAT YOU along with other officials are responsible for the corrupt practices stated above. THAT you have done this by abusing your official position as a Government servant and the above said actions on your part amount to serious misconduct and grave irregularity and it is prima facie revealed that you have failed to maintain absolute integrity and devotion to duty."

**6.** എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചു കൊണ്ട് പരാമർശം (3) പ്രകാരം കുറ്റാരോപിതർ പ്രതിവാദ പത്രിക സമർപ്പിച്ചു. മെമ്മോ ഓഫ് ചാർജിൽ തങ്ങൾക്കെതിരെ ചുമത്തിയ കുറ്റങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥർ നിഷേധിക്കുകയും അവരെ വ്യക്തിപരമായി കേൾക്കാൻ അഭ്യർത്ഥിക്കുകയും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ശ്രീ.കെ.ധനേഷ് എ.എം.വി.ഐ പരിശോധിക്കുകയും ചെയ്തു. തങ്ങളുടെ ഭാഗം വ്യക്തമാക്കുന്നതിനു തങ്ങളെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന അപേക്ഷ പരിഗണിച്ച് 20.10.2023-നു വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കുറ്റാരോപിതരെ നേരിൽ കേൾക്കുകയുണ്ടായി. നേർക്കാഴ്ച്ച വേളയിലും, പ്രതിവാദപത്രികയിൽ സൂചിപ്പിച്ച കാര്യങ്ങൾ കുറ്റാരോപിതർ ആവർത്തിച്ചു. ചെക്ക് പോസ്റ്റിൽ നിന്നും കണ്ടെടുത്ത തുകയുടെ ഉറവിടം തങ്ങൾക്കറിയുകയില്ലയെന്നും തങ്ങൾ കൈക്കൂലി കൈപ്പറ്റാറില്ലെന്നും തങ്ങളെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കുറ്റാരോപിതർ വാദിക്കുകയുണ്ടായി.

**7.** കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ പരിശോധിച്ചതിൽനിന്നും കുറ്റാരോപിതരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാളുകൾക്ക് സാധിച്ചിട്ടില്ലാത്തതിനാലും, പ്രതിവാദപത്രികയിലെ വാദങ്ങൾ പരിഗണനാർഹമല്ലാത്തതും നേർക്കാഴ്ച്ച വേളയിൽ പുതിയതായി യാതൊരു വാദമുഖങ്ങളും ഉന്നയിക്കാത്ത സാഹചര്യത്തിലും ടിയാളുകൾക്കെതിരായ ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഗോവിന്ദാപുരം മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീ.കെ.ധനേഷ് എ.എം.വി.ഐ, ശ്രീ.എ.സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡന്റ് എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസ്

(വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ ഒരു അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

8. കുറ്റാരോപണ മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന തെളിവു രേഖകളുടെ അസ്സലുകൾ/സർട്ടിഫൈഡ് പകർപ്പുകൾ വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് ട്രൈബ്യൂണലിന് നേരിട്ട് കൈമാറേണ്ടതാണ്. പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു.

9. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/ അഡീഷണൽ ലീഗൽ അഡ്വൈസർ - നെ ചുമതലപ്പെടുത്തുന്നു.

10. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/ അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ റ്റി

അഡിഷണൽ സെക്രട്ടറി

1) വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ സഹിതം. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്).
2) ശ്രീ.കെ.ധനേഷ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ. (ഗതാഗത കമ്മീഷണർ മുഖാന്തിരം).
3) ശ്രീ.എ.സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡന്റ്. (ഗതാഗത കമ്മീഷണർ മുഖാന്തിരം).
4) ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5) ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6) ഗതാഗത വകുപ്പ്.
7) ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
8) സ്റ്റോക്ക് ഫയൽ.
9) വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Anjana M R
സെക്ഷൻ ഓഫീസർ
Date: 24-01-2024 11:46:16

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.